6230368-2026

ഭരണ ഭാഷ മാതൃഭാഷ

0469 2660393, 2662024
koipuramgramapanchayat@gmail.com

# കോയിപ്രം ഗ്രാമപഞ്ചായത്ത്

പുല്ലാട് പി.ഒ., തിരുവല്ല, പത്തനംതിട്ട ജില്ല, പിൻ : 689 548

## ലേലം / പുനർ ലേലപരസ്യം 2026 – 2027

തീയതി : 29 – 09 – 2026

മാന്യരെ,

കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന ഇനങ്ങളുടെ ലേലം/പുനർലേലം 14 – 10 – 2026 ബുധനാഴ്ച്ച രാവിലെ 11 മണിയ്ക്ക് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ താഴെപ്പറയും പ്രകാരമുള്ള നിരത ദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നിബന്ധന കൾ പാലിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖയുമായി ഹാജരാകേണ്ടതുമാണ്.

**ലേലം**

| ക്രമ. നമ്പർ | ഇനങ്ങൾ | നിരതദ്രവ്യം | കാലാവധി | സമയം |
|---|---|---|---|---|
| 1. | ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 1 (old) | 2000/- | 2026 - 2027 | രാവിലെ 11 മണി |
| **പുനർലേലം** | | | | |
| 2. | മാർക്കറ്റ് സ്റ്റാളുകൾ 29,30, 31, 33, 34 | 1000/- | 2026 - 2027 | രാവിലെ 11 മണി |
| 3. | മത്സ്യ സ്റ്റാളുകൾ 36, 37, 38, 40, 41, 42 | 2000/- | 2026 - 2027 | രാവിലെ 11 മണി |
| 4. | വരാൽചാൽ , നെടുകണ്ടംചാൽ മുടക്കണ്ടംചാൽ, ചാലുവാതുക്കൽ ചിക്കുഴിച്ചാൽ, ഉള്ളൂർച്ചിറ | 2000/- | 2026 - 2027 | രാവിലെ 11 മണി |
| 5. | മാർക്കറ്റ് ഗേറ്റ് ഫീസ് | 2000/- | 2026 - 2027 | രാവിലെ 11 മണി |

**<u>നിബന്ധനകൾ</u>**

1. പഞ്ചായത്തിലെ ഏതെങ്കിലും മുൻലേല പ്രകാരം തവണസഖ്യകൾ അടയ്ക്കാതെ കുടിശ്ശിക വരുത്തിയവരേയും , വസ്തു നികുതി, ലൈസൻസ് ഫീസ് , വാടക കുടിശ്ശിക ഉള്ളവരേയും കഴിഞ്ഞകാല കരാർ നിബന്ധനകൾ പൂർണ്ണമായും , കൃത്യ മായും പാലിക്കാത്തവരെയും ക്രിമിനൽ കോടതിയിൽ ശിക്ഷിച്ചവരേയും , കോടതി പാപ്പരായി പ്രഖ്യാപിച്ചിട്ടുള്ളവരെയും യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുകയില്ല.
2. ലേലം കൊള്ളുന്നവർ ലേല ദിവസം തന്നെ 200 രൂപ മുദ്ര പത്രത്തിൽ ഉഭയ കക്ഷി സമ്മതത്തോടെ വാടക കരാർ വയ്ക്കേ ണ്ടതും 3 മാസത്തെ വാടക തുകയ്ക്ക് തുല്യമായ തുക കരുതൽ നിക്ഷേപമായി ഒടുക്കേണ്ടതും ഓരോ മാസവും 5 – ാം തീയ തിയ്ക്കു മുമ്പായി അതാത് മാസത്തെ വാടക നൽകേണ്ടതുമാണ്.
3. വാടക മുറികൾ യാതൊരു കാരണവശാലും മദ്യം , നിരോധിത ഉൽപ്പന്നങ്ങൾ , മയക്കുമരുന്ന് എന്നിവ ശേഖരിക്കുന്നതിനോ വിൽപ്പന നടത്തുന്നതിനോ ഹോട്ടൽ വ്യവസായത്തിനോ വേണ്ടി ഉപയോഗിക്കാൻ പാടുള്ളതല്ല.

4. ലേലത്തിൽ പങ്കെടുക്കാൻ വരുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ കൊണ്ടു വരേണ്ടതാണ്.

5. അവിചാരിതമായി ഉണ്ടാകുന്ന പൊതു പണിമുടക്കോ, ഹർത്താലോ, പ്രകൃതിക്ഷോഭം മൂലമോ ഉണ്ടാകുന്ന യാതൊരു നാശനഷ്ടങ്ങൾക്കും പഞ്ചായത്തിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

6. ഏതെങ്കിലും കാരണവശാലും ലേലദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവർത്തന ദിവസം തന്നെ ഇതേ പരസ്യ പ്രകാരവും നിബന്ധനകൾ അനുസരിച്ചും ലേലം നടത്തുന്നതായിരിക്കും.

7. ലേലം കൊള്ളുന്നവർ സ്വന്തം നിലയ്ക്ക് വൈദ്യുതി , വെള്ളം മുതലായവയുടെ കരം ഒടുക്കേണ്ടതും പഞ്ചായത്ത് സ്വത്തുക്കൾ ശുചിയായും വൃത്തിയായും സൂക്ഷിക്കേണ്ടതുമാണ്.

8. ലേലാവകാശം വിനിയോഗിക്കുന്ന ലേലക്കാരന്റേയൊ ഏജന്റിന്റേയോ നോട്ടക്കുറവ് കൊണ്ടോ , അശ്രദ്ധ കൊണ്ടോ പഞ്ചായത്ത് സ്വത്തുക്കൾക്ക് നാശ നഷ്ടം സംഭവിക്കുന്നപക്ഷം ആയത് പഞ്ചായത്ത് നികുതി കുടിശ്ശിക എന്നതുപോലെ കണക്കാക്കി ലേലക്കാരിൽ നിന്ന് നിയമപരമായി ഈടാക്കുന്നതാകുന്നു.

9. ലേലക്കാരൻ തന്റെ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ല.

10. പൊതു താൽപര്യം കണക്കാക്കി 15 ദിവസത്തെ നോട്ടീസ് നൽകി ഏതു ലേലക്കാരനേയും ഒഴിപ്പിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

11. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അപ്പോഴപ്പോൾ നിലവിൽ വരുന്ന ചട്ടങ്ങൾക്ക് വിധേയമായി കൂടാതെ, മുൻ നടപടി ക്രമങ്ങളും ഡിപ്പാർട്ട്മെന്റിൽ നിന്നും അപ്പോഴപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുവാനും ലേലം കൊണ്ടയാൾ ബാധ്യസ്ഥനായിരിക്കും.

12. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്നവരുടെ പേർക്ക് ലേലം താൽക്കാലികമായി മാത്രം ഉറപ്പിക്കുന്നതായിരിക്കും.

13. ലേല നിബന്ധനകളിൽ മാറ്റം വരുത്തുവാനും കൂടുതൽ ചേർക്കുവാനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതായിരിക്കും.

14. പഞ്ചായത്തിന്റെ പാതയോരങ്ങളിലും വെളിമ്പ്രദേശങ്ങളിലും ചപ്പുചവറുകളും മറ്റ് അവശിഷ്ടങ്ങളും അലക്ഷ്യമായി ഉപേക്ഷിക്കുന്നത് കേരള പഞ്ചായത്ത് രാജ് ആക്ട് 219 പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്.

15. കേരള പഞ്ചായത്ത് രാജ് ആക്ടിലേയും അതിനോടനുബന്ധിച്ചുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

16. മാർക്കറ്റ് ലേലം കൊള്ളുന്നവർ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് മാത്രം പിരിക്കാൻ പാടുള്ളു, സസ്യചന്ത, മത്സ്യ ചന്ത, എന്നിവയ്ക്ക് നിശ്ചിത തറവാടക കൂടി അടയ്ക്കേണ്ടതാണ്. ചന്തയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ലേലക്കാരനായിരിക്കും. പഞ്ചായത്തിന്റെ അനുവാദം കൂടാതെ മാർക്കറ്റ് സ്ഥലങ്ങളിൽ നീക്കുമാടങ്ങളോ , തിട്ടകളോ വയ്ക്കുന്നതിന് അനുവാദം കൊടുക്കാൻ ലേലക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

17. കടമുറികളിൽ പൊതുജനങ്ങളുടെ ആരോഗ്യത്തിനു താൽപര്യത്തിനും ഹാനികരമായ സാധനങ്ങൾ സൂക്ഷിക്കുകയോ , രാസവളം , കീടനാശിനി , സ്ഫോടക വസ്തുക്കൾ എന്നിവ സ്റ്റോക്ക് ചെയ്യുവാനോ പാടില്ല.

18. ക്വൊട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ 14 – 10 – 2026, 10.30 എ.എം ന് മുമ്പായി 1 മുതൽ 5 വരെയുള്ള ഇനങ്ങൾക്ക് ക്വൊട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾ ആഫീസ് സമയത്ത് കോയിപ്രം ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും അറിയാവുന്നതാണ്.

കോയിപ്രം

29 – 09 – 2026

(ഒപ്പ്)

സെക്രട്ടറി

കോയിപ്രം ഗ്രാമപഞ്ചായത്ത്